3

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ .539

24/10/2011 -ൽ മറുപടിയ്ക്ക്

## ജലസേചന പദ്ധതികൾ പരിഷ്കരിക്കാൻ നടപടി.

**ചോദ്യം**

ശ്രീ.എം.ഉമ്മർ
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ. പി.കെ.ബഷീർ

**മറുപടി**

ശ്രീ. പി .ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ നിലവിലുള്ള ജലസേചന പദ്ധതികൾ കാർഷികമാറ്റങ്ങൾക്കനുസൃതമായി കൂടുതൽ ഉപയോഗപ്രദമാക്കുന്നത് ലക്ഷ്യമിട്ട് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | കാർഷികമാറ്റങ്ങൾക്കനുസൃതമായി നിലവിലുള്ള ജലസേചന പദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | പുതുതായി ഡിസൈൻ ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ഘടനാപരമായും പ്രവർത്തനപരമായും മുൻകാല പദ്ധതികളിൽ നിന്നും വ്യത്യാസം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പുതിയതായി ഡിസൈൻ ചെയ്തു നടപ്പാക്കുന്ന പദ്ധതികളൊന്നും ഇപ്പോൾ ഇല്ല. |
| സി) | കൃഷിക്കുള്ള ജലവിതരണ സംവിധാനത്തിൽ എന്തെല്ലാം കാലാനുസൃത മാറ്റങ്ങൾ ആവശ്യമാണ്; | സി) | കാർഷിക മാറ്റങ്ങൾക്കനുസൃതമായി വ്യക്തമായ പ്ലാനിങ്ങോടെ ജലനഷ്ടം പരമാവധി കുറഞ്ഞ ജലവിതരണ പദ്ധതി ഓരോ കൃഷിയിടത്തുമായി വികസിപ്പിക്കേണ്ടതുണ്ട്. കൂടാതെ കൃഷിക്ക് കനാൽ മുഖേനയുള്ള ജലവിതരണ സംവിധാനത്തിൽ സീപ്പേജ് മുഖാന്തിരമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കർഷക പങ്കാളിത്തത്തോടു കൂടിയുള്ള ജലവിതരണം നടപ്പാക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | പരമ്പരാഗത കനാൽ സംവിധാനം ഒട്ടേറെ പരിമിതികൾ ഉള്ളതാണെന്നും, ഇക്കാര്യത്തിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി, ആവർത്തന ച്ചെലവും ഭൂമിയുടെ അമിതോപയോഗവും പരിമിതപ്പെടുത്തേണ്ടതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഡി) | നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. എന്നാൽ ആവർത്തന ചെലവ്, സീപ്പേജ് എന്നിവ കുറയ്ക്കുന്നതിന് കനാലുകളിൽ ലൈനിംഗ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ